# സ്വത്വം, ശരീരം, ലൈംഗികത: ബി.എം. സുഹറയുടെ കഥകളിൽ

**ഫാത്തിമ ആർ.വി.**
പിഎച്ച്.ഡി. സാഹിത്യപഠനം
മലയാളസർവകലാശാല, തിരൂർ
Email: fathimarv1981@gmail.com

**സംഗ്രഹം**

നമ്മുടെ സ്ത്രീഎഴുത്തുകാരികൾക്കിടയിൽ ബി.എം. സുഹറയ്ക്ക് ഒരു സുപ്രധാന ഇരിപ്പിടമുണ്ട്. അനുഭവസാന്ദ്രമായ പെൺജീവിതത്തിന്റെ അന്തഃസ്സ്ഫോടനങ്ങൾ എഴുത്തുകാരിയുടെ രചനകളിൽ നമുക്ക് ദർശിക്കാവുന്നതാണ്. നോവലുകളിലും കഥകളിലും കാണപ്പെടുന്ന സ്വാതന്ത്ര്യപ്രഖ്യാപനങ്ങളും വിമോചനസ്വപ്നങ്ങളും സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. ഇതരസമുദായത്തിലെ എഴുത്തുകാരികൾ പലതും ധീരമായി തുറന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ മുസ്ലീം സമുദായത്തിലെത്തുമ്പോൾ വിലക്കുകൾ സാന്ദ്രമാകുന്ന അവസ്ഥ ഇനിയും മാറിയിട്ടില്ല. സ്ത്രീയെന്ന നിലയിൽ വിശേഷിച്ചും മുസ്ലിം സമുദായത്തിലെ സ്ത്രീയെന്ന നിലയിൽ സവിശേഷമായും സുഹറയുടെ രചനകൾക്ക് ഇത്തരത്തിൽ ഏറെ പ്രസക്തിയുണ്ട്. മുസ്ലീംസമുദായത്തിലെ പുരുഷമേൽക്കോയ്മയിൽ ഒരു സ്ത്രീ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ചും വീടിന്റെ ഇരുണ്ട അകത്തളങ്ങളിലെ കണ്ണീരിന്റെ ഉപ്പും നെടുവീർപ്പുകളും ബി.എം.സുഹറയുടെ നോവലുകളിൽ ദൃശ്യമാകുന്നു. മുസ്ലിം സമുദായത്തിൽ കാണപ്പെടുന്ന സ്ത്രീകളുടെ പച്ചയായ ജീവിതാവിഷ്കാരങ്ങളാണ് ബി.എം. സുഹറയുടെ നോവലുകളായ ആകാശഭ്രമികളുടെ താക്കോൽ, ഇരുട്ട്, മൊഴി, കിനാവ്, നിലാവ്, നിഴൽ തുടങ്ങിയ നോവലുകളെയും ഭ്രാന്ത് എന്ന കഥയെയും പ്രസക്തമാക്കുന്നത്. 'ഭ്രാന്ത്' എന്ന കഥാസമാഹാരത്തിലെ ഭ്രാന്ത്, നേർച്ചക്കോഴികൾ, പേറ്റിച്ചി, ആകാശഭ്രമികളുടെ താക്കോൽ എന്നീ നാലു ചെറുകഥകളെ കുറിച്ചുള്ള പഠനമാണ് ഈ പ്രബന്ധത്തിൽ നിർവ്വഹിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ സോഷ്യോളജിക്കൽ ഫെമിനിസത്തിന്റെ രീതിശാസ്ത്രമാണ് കഥകളുടെ വിശകലനത്തിനുപയോഗിക്കുന്നത്.

**താക്കോൽ വാക്കുകൾ:** സ്ത്രീ, സ്വത്വം, ഉടൽ, പുരുഷാധിപത്യം, സ്ത്രീവാദം

**ആമുഖം**

മനുഷ്യജീവിതത്തിലെ എല്ലാവിധ അധികാര രൂപങ്ങളേയും നിരാകരിക്കുന്ന സമഗ്രമായ ഒരു ജനാധിപത്യ മാനുഷികതയ്ക്കുവേണ്ടിയുള്ള സമരമാണ് സ്ത്രീവിമോചനവാദം അഥവാ ഫെമിനിസം. സ്ത്രീപുരുഷബന്ധങ്ങളുടേയും മാനുഷികതയുടേയും സമത്വസമ്പൂർണ്ണമായ പുനഃസംഘടനയാണ് അത് വിഭാവനം ചെയ്യുന്നത്. മനുഷ്യമോചനത്തിനു വേണ്ടിയുള്ള അടിസ്ഥാനപരമായ പ്രസ്ഥാനമായി ഫെമിനിസത്തെ പറയാവുന്നതാണ്. ലിംഗവ്യത്യാസത്തിലധിഷ്ഠിതമായ സ്ത്രീപുരുഷദൗത്യങ്ങൾ തെറ്റാണെന്നും പുരുഷാധിപത്യം സ്ത്രീകളെ അടിച്ചമർത്തുമെന്നുമുള്ള വാദങ്ങൾ ഫെമിനിസത്തിൽ വളരെ പ്രധാനമാണ്. പുരുഷമേൽക്കോയ്മയെ ഇല്ലായ്മചെയ്യൽ മറ്റെല്ലാ അനീതികളേയും ഇല്ലായ്മ ചെയ്യുന്നതിന്റെ അടിസ്ഥാനമായാണ് ഫെമിനിസം കാണുന്നത്. ഫെമിനിസത്തിന്റെ രാഷ്ട്രീയതത്വം ഉടലെടുക്കുന്നത് മാർക്സിസത്തിൽ നിന്നാണ്. മാർക്സിന്റെയും എംഗൽസിന്റെയും അഭിപ്രായത്തിൽ വർഗവ്യവസ്ഥയാണ് എല്ലാ അടിച്ചമർത്തലുകളുടേയും മുഖ്യഉറവിടം. കുടുംബമാകട്ടെ ആ അടിച്ചമർത്തൽ വ്യവസ്ഥയെ പ്രതിഫലിപ്പിക്കുന്ന സാമൂഹികസ്ഥാപനമാണ്. കുടുംബത്തെ ഉന്മൂലനം ചെയ്യാനുള്ള ആഹ്വാനം മുതലാളിത്തവ്യവസ്ഥയെ ഉന്മൂലനം ചെയ്യാനും പകരം കമ്യൂണിസം സ്ഥാപിക്കാനുമുള്ള ആഹ്വാനമാണ്. ചില ഫെമിനിസ്റ്റുകൾ ലിംഗാധിഷ്ഠിതദൗത്യങ്ങളെയാണ് രാഷ്ട്രീയചിന്തയുടെ അടിസ്ഥാനമായി കാണുന്നത്. പുരുഷമേൽക്കോയ്മയാണ് എല്ലാ സാമൂഹിക അനീതികളുടെയും അടിസ്ഥാനമെന്നാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

കുടുംബത്തെ ഉന്മൂലനം ചെയ്യലും ലിംഗപരമായ പ്രാധാന്യം ഇല്ലാതാക്കലും ഫെമിനിസ്റ്റ് ലക്ഷ്യങ്ങളിൽപ്പെട്ടതാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി അവർ സ്വവർഗഭോഗത്തേയും ക്രമരഹിതമായ ലൈംഗിക ബന്ധങ്ങളെയും പ്രോത്സാഹിപ്പിച്ചു. പരമ്പരാഗത വിവാഹരീതി അസ്വീകാര്യമാംവിധം പുരുഷാധിപത്യത്തിന്റെ സൃഷ്ടിയാണെന്ന് വാദിക്കുകയും ചെയ്തു.

മതപരമായ ജീവിതം നയിക്കുന്ന സ്ത്രീകൾ സാമൂഹ്യജീവിതത്തിൽ നിർണായകമായ തീരുമാനങ്ങൾ എടുക്കുന്നവരല്ല എന്ന നിഗമനം ഫെമിനിസ്റ്റ് ചർച്ചകളെ ഏറെകാലം ഭരിച്ചിരുന്നു. പക്ഷെ മതത്തിന്റെ തിരിച്ചുവരവുകാലം എന്ന് പൊതുവേ വിശേഷിപ്പിക്കാവുന്ന ആയിരത്തിതൊള്ളായിരത്തി എൺപതുകൾക്ക് ശേഷമുണ്ടായ സാമൂഹിക മാറ്റങ്ങൾ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന് മതത്തെക്കുറിച്ചുള്ള സമീപനങ്ങളിൽ പുതിയ തിരിച്ചറിവുകൾ നൽകി.

ഒരു ജനസംസ്കാരത്തിന്റെ ആന്തരികവും ബാഹ്യവുമായ അനന്തരഫലങ്ങൾ അനുഭവിക്കുന്നത് സ്ത്രീകളാണ്. കുടുംബാന്തരീക്ഷത്തിലും സാമൂഹ്യാന്തരീക്ഷത്തിലും ഇത് കാണാവുന്നതാണ്. മതം, ജാതി, ലിംഗം, രാഷ്ട്രം തുടങ്ങിയ അധികാരസ്ഥാപനങ്ങൾ സ്ത്രീക്ക് മേൽ ചെലുത്തിയ അടിച്ചമർത്തൽ സമീപനം തന്നെയാണ് ഇതിനുകാരണം. മതജീവിതത്തിന്റെ ചട്ടക്കൂടുകൾക്ക് അകത്ത് രൂപപ്പെടുത്തുന്ന സ്ത്രീജീവിതം അടയാളപ്പെടുത്താതെ പോകുന്ന ഒന്നാണ് എഴുത്തിലെ മുസ്ലീം സ്ത്രീകർതൃത്വം. സർഗാത്മ ഇടങ്ങളിൽ മുസ്ലീം സ്ത്രീകർതൃത്വങ്ങൾ വളരെ ചെറിയൊരു ശതമാനം മാത്രമേ കാണാൻ കഴിയുന്നുള്ളു. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾപോലും എങ്ങനെനിറവേറ്റണം എന്ന് പഠിപ്പിക്കുന്ന മതബോധത്തിന്റെ വേലിക്കെട്ടുകൾ പലതും മതപൗരോഹിത്യത്തിന്റെ സൃഷ്ടിയാണ്. അധികാരവും അന്തസ്സും നിലനിർത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസത്തിൽനിന്നും അറിവിൽനിന്നും പുറംലോകങ്ങളിൽ നിന്നുമെല്ലാം ഭ്രഷ്ടയാക്കപ്പെട്ട


ISSN: 2582 - 2594

സ്ത്രീയെ അനുനയിക്കപ്പെടുന്നത് ദാമ്പത്യജീവിതത്തിലേക്കാണ്. പൊതുവേ മുസ്ലീം സ്ത്രീ ഇത്തരം മതബോധങ്ങളുടെ സൃഷ്ടിയാണ്. ആധുനിക വിദ്യാഭ്യാസവും ലോകാവബോധവും വ്യക്തിക്ക് അമിതപ്രാധാന്യം നൽകിയപ്പോഴും മുസ്ലീം ജീവിതപരിസരം പൗരോഹിത്യസൃഷ്ടിയായ മത ബോധങ്ങളിൽ തളയ്ക്കപ്പെട്ടു. എല്ലാ അധികാരകേന്ദ്രങ്ങൾക്കും പുറത്താണ് മതസാമൂഹ്യജീവി തത്തിൽ ഒരു മുസ്ലീം സ്ത്രീ പാലിക്കേണ്ടതായ ദർശനങ്ങളിലും സമീപനങ്ങളിലും മതജീവിതം വളരെ കർശനനിലപാടുകൾ എടുക്കുന്നുണ്ട്. ഇതുമൂലം സ്ത്രീയുടെ പലതരത്തിലുള്ള ആവിഷ്കാ രങ്ങളേയും മതം പുറത്താക്കുന്നു. സർഗാത്മകതയുടെ പരിസരങ്ങളിലാണ് ഈ തരത്തിൽ മതഭയം ഇടപെടുന്നത്. എഴുത്തിലെ സ്വാതന്ത്ര്യം മുസ്ലീം സ്ത്രീകർതൃത്വത്തെ രൂപപ്പെടുത്തുന്ന തിൽ മതാന്തരീക്ഷം സുപ്രധാനമാണ്.

മുസ്ലിം സമുദായത്തിലെ പുരുഷന്മാർക്ക് ഇന്നും അനേക വിവാഹത്തിനുള്ള സ്വാതന്ത്ര്യം നിയമപ്രകാരംതന്നെ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷം മാന്യന്മാരായ പുരുഷന്മാരും ഏക പത്നീവ്രതം ഒരു ഹൃദയപൂർവ്വകമായ സ്വനിശ്ചയമായി കൈക്കൊണ്ടിട്ടുള്ളവരാണ് എന്ന വസ്തു തയും ചരിത്രസത്യമാണ്. എന്നാൽ പുരുഷാധിപത്യത്തെ സ്വാഭാവികമായി നിലനിർത്തുന്ന സാമൂഹിക വ്യവസ്ഥ മൂലം സ്ത്രീകളുടെ വികാരവിചാരങ്ങളെപ്പറ്റി തെല്ലു സഹതാപമോ കരുതലോ ഇല്ലാതെ മൊഴിചൊല്ലി അവരുടെ ജീവിതം അനാഥത്വത്തിലേക്കും നിസ്സഹായതയിലേക്കും തള്ളിവിടുന്ന ആണുങ്ങളും അവരുടെ കൂട്ടത്തിലുണ്ട്. അങ്ങിനെ ഇരകളായിത്തീരുന്ന സ്ത്രീകളുടെ ദുരിതജീവിതമാണ് ബി.എം. സുഹറയുടെ രചനകളധികവും അനാവരണം ചെയ്യുന്നത്. ഇസ്ലാ മിക സമൂഹത്തിൽ നിന്നും ഒരു സ്ത്രീ തന്റെ എഴുത്തുകളിലൂടെ സമൂഹത്തെ അവതരിപ്പിക്കുന്നു എന്നത് അത്ര ചെറിയ കാര്യമല്ല, അതുകൊണ്ടുതന്നെ സ്ത്രീമനസ്സിന്റെ ഗതിവിഗതികളെ സൂക്ഷ്മ മായി ആലേഖനം ചെയ്യുന്ന മലയാള കഥയുടെ പെൺവഴികളിൽ കഥാരംഗത്ത് പേരെടുത്ത എഴുത്തുകാരികളാണിവർ. സ്ത്രീയുടെ അവസ്ഥയും പ്രശ്നങ്ങളും ഏറ്റവും നന്നായി മനസ്സിലാക്കുകയും സ്ത്രീരചനകളിലെ പെൺമയുടെ അന്വേഷണവും കലാപവും സവിശേഷമായ ഒരു സംവേദനത്തി ന് തുടക്കം കുറിക്കുകയും ചെയ്തു. അവിടെ പെണ്ണിന്റെ അസ്തിത്വപ്രശ്നങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങളുണ്ടായി. അടിമത്തം എന്നത് അത് മനസ്സായാലും ശരീരമായാലും സാമ്പത്തികമായാലും അടിമത്തം തന്നെയാണ്. പുരുഷന്മാർ സ്ത്രീകളെ അവരുടെ അധികാരപരിധിക്കുള്ളിലാക്കാൻ ശ്രമിക്കുന്നത് തീർത്തും അഭിമാനത്തോടെ ജീവിക്കാനാഗ്രഹിക്കുന്നവർക്ക് അപമാനകരം തന്നെയാണ്. ഇവിടെ സഹനമല്ല, മറ്റുള്ളവരോട് കൂടിച്ചേർന്ന് വെറും സഹവ്യക്തിത്വവുമല്ല, ഒരു വ്യക്തി എന്ന നിലയിൽ ഏതൊരു ജീവിയും അനുഭവിക്കാൻ അവകാശമുള്ള ജൈവനീതി തങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് ഓരോ സ്ത്രീയും കരുതുന്നുണ്ട്. എഴുത്തുകാരി സ്വന്തം ശരീരത്തെ ചുറ്റിപ്പറ്റിയുള്ള സാമൂഹ്യനിർമിതമായ സദാചാരത്തെ ചോദ്യം ചെയ്യാൻ തുടങ്ങി യപ്പോഴാണ് സ്ത്രൈണാസ്തിത്വത്തെ സ്വയം കീറിമുറിച്ച് കണ്ടെത്തിയ അനുഭവങ്ങൾ സ്ത്രീ ലൈംഗികതയുടെ മേൽ പൂരിപ്പിച്ച സമൂഹത്തിന്റെ ആവരണം ഉപേക്ഷിക്കൽ തുടങ്ങി, പിന്നീട് സമൂഹത്തെ ഞെട്ടിച്ച സംഘടിതമായ ആക്രമണത്തിന് നേതൃത്വം കൊടുത്തത് മാധവിക്കുട്ടി യാണ്. ഈ കാലയളവിൽ സ്ത്രീയുടെ എഴുത്തിൽ അടിച്ചമർത്തപ്പെട്ട സ്ത്രീശരീരത്തിന്റെ ചെറു ത്തുനിൽപ്പും ലൈംഗികാധികാരകേന്ദ്രത്തോടുള്ള കലാപവും സ്വാതന്ത്ര്യമോഹവും പ്രത്യക്ഷ മാകുന്നു. അതിർത്തികളെ തട്ടിത്തകർത്ത സ്ത്രൈണസർഗാത്മകതയാണ് മാധവിക്കുട്ടിയുടെ

രചനകളെ വ്യത്യസ്തമാക്കുന്നത്. ശരീരത്തിൽനിന്ന് തുടങ്ങി ആത്മാവിലെത്തിനിൽക്കുന്ന ഉറയൂരൽ പ്രക്രിയയിൽ കണ്ടെത്തിയ കാര്യങ്ങൾ മാധവിക്കുട്ടി വെളിപ്പെടുത്താൻ തുടങ്ങി. അനിവാര്യമായെന്നോണം ലോകസാഹിത്യരംഗത്ത് തന്നെ അപ്പോഴേക്കും സ്ത്രീഎഴുത്തുകാരുടെ വൻമുന്നേറ്റങ്ങളും രാഷ്ട്രീയസിദ്ധാന്തങ്ങളും ശക്തമായ ഇടപെടൽ നടത്തുന്നുണ്ടായിരുന്നു. 'ശരീരത്തിൽ നിന്നെഴുതുക' എന്ന രാഷ്ട്രീയ കാഴ്ചപ്പാടാണ് പെണ്ണെഴുത്തിന്റെ ഉറവിടം എന്ന പ്രശസ്ത എഴുത്തുകാരിയും സൈദ്ധാന്തികയുമായ ഹെലൻസിസ്ഡുവിനെപ്പോലുള്ള ഫ്രഞ്ച് ഫെമിനിസ്റ്റുകൾ കണ്ടെത്തുന്നത്. സ്ത്രീയുടെ ശരീരത്തെ പുരുഷന്റെ നോട്ടത്തിനും (Male gaze) ആഹ്ളാദങ്ങൾക്കും വിവരണങ്ങൾക്കും വേണ്ടി സ്വന്തമാക്കിവെച്ച സാഹിത്യസംസ്കാരത്തിൽ സ്ത്രീശരീരത്തെക്കുറിച്ച് എഴുത്തുകാരന് എന്തും എഴുതാമെന്ന അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ സ്ത്രീ അവളുടെ സ്വന്തം ശരീരത്തെക്കുറിച്ചോ അതിന്റെ വേദനയെക്കുറിച്ചോ ആഹ്ളാദത്തെക്കുറിച്ചോ എഴുതുന്നത് സദാചാരലംഘനവുമാണ്. എഴുത്തുകാരന്റെ രചനകളിലെ ലൈംഗികതയും ഭോഗാസക്തിയും വോയറിസവും അസ്തിത്വവ്യഥകൾക്കിടയിൽ തേടുന്ന അഭയമോ ആശ്വാസമോ പുരുഷന്റെ സ്വാതന്ത്ര്യമോ ആയി അവതരിപ്പിക്കപ്പെടുന്നു. ഇത്തരം രചനകളിൽ കാണുന്ന പീഡിതമായ സ്ത്രീലൈംഗികത ആരോഗ്യകരമായ തിരിച്ചറിവും കലാപവും ആയിരിക്കെ, അത് കാമാർത്തിയായി വായിച്ചെടുക്കുന്ന പുരുഷബോധമാണ് മലയാളത്തിൽ പ്രബലമായി നിൽക്കുന്നത്. പുരുഷന്മാരെപ്പോലെ സ്ത്രീയും ജീവിതത്തിലെ ബന്ധനങ്ങൾക്കും ബന്ധപ്പാടുകൾക്കും ഇടയിൽപെട്ട് ഞെരുങ്ങുമ്പോഴും അതിനെയൊക്കെ മറികടന്ന് ഏതോ ഒരു പൂർണതയിൽ എത്തിച്ചേരാൻ വെമ്പുന്നുണ്ട്. പ്രത്യക്ഷത്തിൽ സാധ്യമല്ലെങ്കിലും ഇസ്ലാം മതം സ്ത്രീയുടെ പൂർണതയെയും വ്യക്തിത്വത്തെയും അംഗീകരിക്കുന്നില്ല. സ്ത്രീ-പുരുഷ സമത്വം എന്ന ചിന്ത പോലും ഇസ്ലാമിൽ അന്യമാണ്. സ്ത്രീയുടെ പ്രകൃതിജന്യമായ വികാരങ്ങളെപ്പോലും വംശരക്ഷകയുടെ പേരിൽ പുരുഷൻ കീഴടക്കുന്നു. ഗർഭധാരണത്തിനു വേണ്ടി മാത്രമുള്ള ലൈംഗികബന്ധം സ്ത്രീകൾക്ക് നേരെയുള്ള നിർദ്ദയമായ നീക്കമാണ്. പുരുഷനെ രസിപ്പിക്കുന്ന അനേകം ഉപഭോഗവസ്തുക്കളിൽ ഒന്ന് മാത്രമാണ് സ്ത്രീ. സ്ത്രീക്ക് മൂടുപടം നൽകിയ ഇസ്ലാമിക പൗരോഹിത്യം അവളുടെ വ്യക്തിത്വത്തെയും സ്ത്രീത്വത്തെയും ഇല്ലാതാക്കുന്നു.

'ഭ്രാന്ത് ' എന്ന കഥയിൽ ഒരു കുടുംബിനി ഒരു ദിവസം സമ്പൂർണ്ണ വിശ്രമമെടുക്കാൻ നിശ്ചയിച്ചതിന്റെ പരിണതഫലം നർമ്മസുന്ദരമായി വിവരിച്ചിരിക്കുന്നു. യന്ത്രം പോലെ പ്രവർത്തിക്കാൻ വയ്യെന്ന് ഒരു നാൾ ഭാര്യക്ക് തോന്നിയാൽ അവൾക്ക് മനോരോഗമാണെന്ന നിഗമനത്തിൽ ഉടനെ എത്തുന്ന ഭർത്താക്കന്മാരുടെ ലോകമാണിത്. മനോരോഗമില്ലാതെ ധിക്കാരസ്വഭാവം ഒരു സ്ത്രീയിൽ ചേരുകയില്ലെന്ന വിശ്വാസം പുരുഷന് മനോരോഗം പോലെ വളർന്നിരിക്കുന്നുവെന്നാണ് കഥയുടെ ധ്വനി. പ്രതികരിക്കുന്ന സ്ത്രീക്ക് ഭ്രാന്താണെന്ന പുരുഷന്റെ കാഴ്ചപ്പാടിനെയാണ് നോവലിസ്റ്റ് ഇവിടെ പ്രശ്നവത്കരിക്കുന്നത്. സ്ത്രീയെ മാനസികമായും, ശാരീരികമായും, ലൈംഗികമായും അടിച്ചമർത്തുകയും, അധീശപ്പെടുത്തുകയും ചെയ്യുന്ന പുരുഷമേൽക്കോയ്മയുടെ വ്യക്തമായ ചിത്രം ഇവിടെ കാണാനാവും.

'നേർച്ചക്കോഴികൾ' എന്ന കഥയിൽ സൈനബ എന്ന സ്ത്രീയുടെ ജീവിതാനുഭവമാണ് ആവിഷ്കരിക്കുന്നത്. വിവാഹം മൂലം നിരാലംബയായിത്തീർന്ന സ്ത്രീയുടെ ദയനീയാവസ്ഥ ചിത്രീകരിക്കുന്നു. വിവാഹം കഴിച്ച ഭർത്താവ് ഒരു സുപ്രഭാതത്തിൽ ഉപേക്ഷിച്ചുപോകുന്നതും

 ISSN: 2582 - 2594

അയാളെ അന്വേഷിച്ചിറങ്ങുന്നതും കണ്ടെത്തിയപ്പോൾ അയാൾ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചതും തിരിച്ചറിയുന്നു. സൈനബയുടെ മാമി പറയുന്നുണ്ട്, "നാടാകെ പെണ്ണുകെട്ടി നടക്കുന്ന എമ്പോക്കിയാ ഇവൻ, പോലീസിനെ വിളി മാലോരെ," ഇതുപോലുള്ള സന്ദർഭങ്ങൾ ധാരാളം കഥയിൽ ചിത്രീകരിക്കുന്നുണ്ട്. കല്ല്യാണം കഴിച്ച് സ്വർണ്ണാഭരണവുമായി മുങ്ങിയ ഭർത്താവിനെ അന്വേഷിച്ചിറങ്ങിയ സൈനബയുടെയും ഇനിയും നേർച്ചക്കോഴിയാവാൻ വിധിക്കപ്പെടുന്ന സ്ത്രീകളുടെയും കഥയാണിത്.

'പേറ്റിച്ചി' എന്ന കഥയിൽ അവിവാഹിതയും അനാഥയുമായ കുഞ്ഞിപ്പാത്തു, ഹാജ്യാരുടെ വീട്ടിൽ ജോലിക്കു നിൽക്കുന്നതും ലൈംഗികപീഡനത്തിനു ഇരയാകുന്നതും അപവാദങ്ങൾക്കൊടുവിൽ പ്രസവത്തിൽ ഈ സ്ത്രീ മരിക്കുന്നതുമാണ് കഥാഗതി. കുഞ്ഞിനെ ഹാജ്യാർ ഏറ്റെടുക്കുന്നില്ല. അവസാനം മാത എന്ന സഹായിയായ സ്ത്രീ ഏറ്റെടുക്കുന്നു. കുഞ്ഞിന്റെ അച്ഛനായ ഹാജ്യാർ സമൂഹത്തിന്റെ മുന്നിൽ മാന്യനായി കഴിയുന്ന കാഴ്ചയാണിവിടെ കാണുന്നത്. മാതയുടെ മകൻ കണ്ണനാണ് രക്തം കൊടുത്ത് കുഞ്ഞിപ്പാത്തുവിനെ സഹായിക്കുന്നത്. 'ഇസ്ലാമായ ഒരുത്തിക്ക് കാഫറിന്റെ ചോര കേറ്റ്വോ', 'ഇവിടെന്താ നാഥനില്ലാണ്ടായോ' എന്ന ആൾക്കൂട്ടത്തിന്റെ ആരവങ്ങൾക്കിടയിൽ 'ഇസ്ലാമീങ്ങളെ ഒന്നും തിരികത്തിച്ചു നോക്കീട്ട് കണ്ടീലല്ലോ?' എന്ന കണ്ണന്റെ സ്വരം ശ്രദ്ധേയമാണ്. അവസാനരംഗത്ത്, ഹാജ്യാരെ അക്കുട്ടിന്റെ തന്ത ആരാണ് ഇങ്ങക്കറീലേ...? എന്ന മാതയുടെ ചോദ്യത്തിനു മുന്നിൽ ചൂളിപ്പോകുന്ന ഹാജ്യാരെ കാണാനാവും.

'ആകാശഭ്രമികളുടെ താക്കോൽ' എന്ന കഥയിൽ ഭർത്താവിന്റെ വേലക്കാരിയുമായുള്ള അവിഹിതബന്ധത്തിന് സാക്ഷിയാകേണ്ടിവരുന്ന സ്ത്രീയുടെ കഥയാണ്. ഭർത്താവിനെ ഉപേക്ഷിക്കാൻ ഭ്രാന്ത് അഭിനയിക്കുന്ന സ്ത്രീയെ ഇവിടെ കാണാനാവും. ഇതിനെ കുറ്റപ്പെടുത്തുന്നവർ, 'പെണ്ണുങ്ങൾക്ക് ദുർവാശി നന്നല്ല, പെണ്ണായാ താണുകൊടുക്കണം. പണം കുന്നോളമുണ്ടായിട്ടൊന്നും കാര്യമില്ല. അനുഭവിക്കാൻ യോഗം വേണം' എന്ന സംഭാഷണവും ഇവിടെ കാണാനാവും. ഭാര്യക്ക് വട്ടാണെന്ന് പറഞ്ഞു വേറെ വിവാഹം കഴിക്കുന്ന ഭർത്താക്കന്മാരുടെ പ്രാതിനിധ്യം വഹിക്കുന്ന കഥാപാത്രത്തെയും അവരുടെ കഥകളിൽ കാണാം. സ്ത്രീക്ക് വിലകൽപ്പിക്കാത്തവരാണ് മുസ്ലീം സമൂഹം എന്ന ധാരണ ഇതരർക്കുണ്ടെങ്കിൽ അതൊരു സാമാന്യസത്യമാണെന്ന് സ്ഥാപിക്കുന്ന കഥകളാണിവയെല്ലാം. മനുഷ്യസ്വഭാവവൈചിത്ര്യങ്ങൾ നിമിത്തം സ്ത്രീക്ക് കണ്ണീര് തന്നെയാണ് എന്ന് കാണുന്നു. കഥാപാത്രങ്ങൾ എല്ലാം, മുസ്ലീം സമുദായത്തിൽപ്പെടുന്നതുകൊണ്ട് ഇത് ആ സമുദായത്തിലെ ആചാരാനുഷ്ഠാനങ്ങളോടു ബന്ധപ്പെട്ട ദുരന്തമാണെന്ന് പറയാൻ വയ്യ. ഏതു സമുദായത്തിൽപ്പെട്ടവരായാലും പുരുഷന്മാരുടെ രതി സ്വാതന്ത്ര്യവും ലഹരി പദാർത്ഥത്തിൽ ഉള്ളതൽപരതയും സ്ത്രീജീവിതത്തെ ദുരന്തത്തിലേക്ക് നയിക്കും. അനിയന്ത്രിതവും നിയന്ത്രണാതീതവുമായ ചില കാമനകൾ മാനവഹൃദയത്തിൽ പാകുന്ന നിയതിയോടേറ്റുമുട്ടിത്തകരുന്ന ജീവിതങ്ങളുടെ വൈരുദ്ധ്യങ്ങളും അവയ്ക്കിടയിൽ ഞെരിയുന്ന സ്ത്രീകളുടെ മനഃസംഘർഷങ്ങളും ആണ് ഈ കഥകളിലെല്ലാം കണ്ടെത്താൻ കഴിഞ്ഞത്.

**ഉപസംഹാരം**

പുരുഷന് മാർഗഭ്രംശം വരുമ്പോൾ സ്ത്രീ സർവംസഹയായി വിധേയത്വം, നിലനിർത്തണമോ അതോ അസഹിഷ്ണുതയുടെ അവതാരമായി പൊട്ടിത്തെറിക്കണമോ, അതു പുരുഷന്റെ

കണ്ണു തുറപ്പിക്കുമോ ഇതിന്ന് രണ്ടിനും ഒരേ സമയം വേണ്ടെന്നും, ഉറപ്പെന്നും മറുപടി പറയാനാവാത്തവിധം സങ്കീർണ്ണമാണ് മാനവഹൃദയപ്രവർത്തനങ്ങൾ. വിധേയത്വവും, സഹിഷ്ണുതയും, എതിർപ്പും, നിയന്ത്രണവുമെല്ലാം ഔചിത്യപൂർവ്വം സമന്വയിപ്പിക്കാനുള്ള വിഭാവനശക്തിയും സ്നേഹസഹിഷ്ണുതകളും ഉണ്ടായാൽ ഇവിടെയെല്ലാം ഇരുട്ട് വിഴുങ്ങുന്ന അവസ്ഥ വരാതെ നോക്കാവുന്നതാണ്. മനുഷ്യമനസിന്റെ സങ്കീർണ്ണതകളിലേക്കാണ് നോവലിസ്റ്റിന്റെ സർഗപ്രതിഭ അന്വേഷണത്വരയോടെ പ്രവേശിക്കുന്നത്. ഇസ്ലാമിൽ സ്ത്രീയുടെ യാതനകൾക്ക് അതിരുകളില്ലെന്ന് സ്ഥാപിച്ചുകൊണ്ടുതന്നെ എത്ര സഞ്ചരിച്ചാലും അവൾ ഇസ്ലാമിന്റെ അതിരുകൾക്കുള്ളിൽത്തന്നെയാണെന്ന് സ്ത്രീമോചന പ്രസ്ഥാനങ്ങളും അവയുടെ പ്രായോഗിക സമീപനങ്ങളും ഇന്ന് തിരിച്ചറിയുന്നുണ്ട്. യാഥാസ്ഥിതിക മുസ്ലിം സമൂഹങ്ങളിലെ സ്ത്രീകളുടെ ദുരവസ്ഥ കൂടുതൽ ഭയാനകവും, വെല്ലുവിളികൾ നിറഞ്ഞതുമാണ്. ഇസ്ലാമിക കുടുംബവ്യവസ്ഥിതിയും, പാരമ്പര്യസാമുദായിക ആചാരങ്ങളും, മാമൂലുകളും ഇവിടെ സ്ത്രീ സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായി നിൽക്കുന്നതായി കാണുന്നു. സ്നേഹരഹിതരും കാമപ്രചോദിതരുമായ പുരുഷാധിപത്യത്തിന്റെ ദുഷ്പ്രവണതകൾ സ്ത്രീയുടെ തലക്കുമുകളിൽ തൂങ്ങുന്ന വാളായിരിക്കുന്നിടത്തോളം സ്ത്രീകൾ നേർച്ചക്കോഴികളും, ഭ്രാന്തികളും തന്നെയായിത്തീരുന്നു.

**സഹായകഗ്രന്ഥങ്ങൾ**


1. ആമിനവദൂദ്, (വിവ.), ഹഫ്സ (എഡി.). 2007, ഖുർആൻ ഒരു പെൺവായന, അദർബുക്സ്, കാലിക്കറ്റ്
2. ജമാൽ കൊച്ചങ്ങാടി (എഡി.). 1998, മുസ്ലിം സാമൂഹ്യജീവിതം മലയാളനോവലിൽ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.
3. ലീലാവതി, എം. (എഡി.). 2008, സ്ത്രീസ്വത്വാവിഷ്ക്കാരം ആധുനികമലയാള സാഹിത്യത്തിൽ, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ.
4. സുഹറ, ബി.എം. (എഡി.). 2010, ഭ്രാന്ത്, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
5. Gerda Lerner, (ed.), 1986, The Creation of Patriarchy, Oxford University Press, New York.
6. ചന്ദ്രിക സി.എസ് (എഡി). 2016, കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ, ഡി സി ബുക്സ്, കോട്ടയം
7. ജയകൃഷ്ണൻ എൻ (എഡി), 2002, പെണ്ണെഴുത്ത്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
8. രവീന്ദ്രൻ എൻ കെ (എഡി), 2010, പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ് കോഴിക്കോട്
9. രാമകൃഷ്ണൻ എ.കെ., വേണുഗോപാലൻ കെ.എം(എഡി), 1989. സ്ത്രീവിമോചനം, ചരിത്രം സിദ്ധാന്തം സമീപനം.
10. മ്യൂസ്മേരി ജോർജ്ജ് (എഡി), 2015, ഉടലധികാരം, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.


 ISSN: 2582 - 2594